സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പി.ഒ തിരുവനന്തപുരം 695003

ഫോൺ. 0471 2317983 ഫാക്സ് 0471 2310192 ഇ മെയിൽ. travancoredevaswom2011@gmail.com

തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്.
(സാന്നിദ്ധ്യം: വി.എസ്.ജയകുമാർ)

## സംഗ്രഹം

ശക്തികുളങ്ങര ദേവസ്വം സ്വർണ്ണധ്വജപ്രതിഷ്ഠ- 31-05-2016 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന തിരുവാഭരണം കമ്മീഷണർ ശ്രീമതി പി.ആർ അനിതയുടെ സേവന കാലയളവ് ദീർഘിപ്പിയ്ക്കുന്നത് സംബന്ധിച്ച്ഉത്തരവ്പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ ROC. 502/16/Est.1 നന്തൻകോട്, 21-05-.2016

---

പരാമർശം:- അഡ്വക്കേറ്റ് കമ്മീഷണർ ശ്രീ എ.എസ്.പി കുറുപ്പ് 12-05-2016 തീയതി വെച്ച് ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റിനയച്ച കത്ത്

## ഉത്തരവ്

കൊല്ലം ഗ്രൂപ്പിൽപെട്ട ശക്തികുളങ്ങര ദേവസ്വത്തിലെ സ്വർണ്ണ കൊടിമരം പണി പൂർത്തിയാക്കുന്നതിന്, ആയതിന്റെ ചുമതല വഹിയ്ക്കുന്ന തിരുവാഭരണം കമ്മീഷണർ ശ്രീമതി പി.ആർ അനിതയുടെ സേവന കാലാവധി 31-07-2016 വരെ ദീർഘിപ്പിക്കണമെന്ന് വിവരിച്ചു കൊണ്ടുള്ള അഡ്വക്കേറ്റ് കമ്മീഷണർ ശ്രീ എ.എസ്.പി കുറുപ്പിന്റെ സൂചന കത്ത് ലഭിച്ചു.

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു. 31-05-2016 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ശ്രീമതി പി.ആർ അനിതയുടെ റിട്ടയർ മെന്റ് കാലാവധി ദീർഘിപ്പിക്കുന്നതിന് നിയമ തടസ്സം ഉള്ളതിനാൽ തിരുവാഭരണം കമ്മീഷണർ എന്ന നിലയിലെ ടിയാളുടെ പരിചയസമ്പന്നത പരിഗണിച്ച് ശക്തികുളങ്ങര ക്ഷേത്രത്തിലെ കൊടിമരവുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന വർക്ക് തടസ്സംകൂടാതെ പൂർത്തീകരിയ്ക്കുന്നതിലേയ്ക്കും റിക്കാർഡുകൾ കൃത്യമായി പരിപാലിയ്ക്കുന്നതിലേയ്ക്കുമായി ശ്രീമതി പി ആർ അനിതയുടെ സേവനം 01-06-2016 മുതൽ രണ്ടുമാസത്തേയ്ക്കോ ശക്തികുളങ്ങര ക്ഷേത്രത്തിലെ കൊടിമരപണി പൂർത്തിയാക്കുന്നതുവരേയോ കോൺട്രാക്ട് വ്യവസ്ഥയിൽ നിലനിർത്തി ഉത്തരവാകുന്നു.

പ്രസ്തുത കാലയളവിൽ പ്രതിഫലമായി പ്രതിമാസം 30,000/- രൂപ അനുവദിച്ചും തിരുവാഭരണം കമ്മീഷണറായി നിയമപ്രകാരം അടുത്ത സീനിയർ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ പ്രൊമോട്ടു ചെയ്യുന്നതിനും തീരുമാനിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

21/5/16

സെക്രട്ടറി.